### മുഖ്യമന്ത്രിക്ക് മൂലമ്പിള്ളി നിവാസികളുടെ തുറന്ന കത്ത്

# 'പട്ടയമേള' നടത്തി ഞങ്ങളെ വീണ്ടും അവഹേളിക്കരുത്

പ്രിയപ്പെട്ട മുഖ്യമന്ത്രി,

വല്ലാർപാടം കണ്ടെയനർ ടെർമിനലിലേക്കുള്ള പാതയ്ക്കുവേണ്ടി നിർദ്ദയം കുടിയൊഴിപ്പിക്കപ്പെട്ട് തെരുവാധാരമായ മൂലമ്പിള്ളിയിലെ ജനങ്ങളാണ് ഞങ്ങൾ. ശാന്തസുന്ദരമായിരുന്ന ഞങ്ങളുടെ ജീവിതം ഒരു ചോദ്യചിഹ്നമായി മാറിയിട്ട് വർഷമൊന്ന് തികയുന്നു. ഈ സന്ദർഭത്തിൽ ഞങ്ങൾക്ക് അങ്ങയോട് ഉണർത്തിക്കാനുള്ളത് ഒരുവർഷത്തെ കണ്ണീരിന്റെ കഥയാണ്. അങ്ങയുടെ പോലീസും ഉദ്യോഗസ്ഥരും ചേർന്ന് ഞങ്ങളെ കുടിയൊഴിപ്പിച്ചതിന്റെ സാഹചര്യം അങ്ങേയ്ക്കറിവുള്ളതാണല്ലോ. ജനിച്ച വീടിനും നടന്നു ശീലിച്ച മണ്ണിനും പകരമായി ഒരുതുണ്ടു ഭൂമി വേണമെന്ന ആവശ്യമേ ഞങ്ങളുന്നയിച്ചിരുന്നുള്ളൂ. എന്നാൽ പുനരധിവാസം തരില്ലെന്നും പൊന്നുംവിലയെന്ന് നക്കാപ്പിച്ചയ്ക്കേ ഞ്ങ്ങൾക്കവകാശമുള്ളൂ എന്ന നിലപാടാണ് ഉദ്യോഗസ്ഥന്മാർ സ്വീകരിച്ചത്. ആലംബഹീനരായി ത്തീർന്ന ഞങ്ങൾ ഈ സമയത്താണ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിച്ച് സമരരംഗത്തേക്കിറങ്ങിയത്. എന്നാൽ ഞങ്ങളുടെ ആവശ്യം അംഗീകരിക്കാൻ തയ്യാറാകാതിരുന്ന ഉദ്യോഗസ്ഥ വൃന്ദം ഞങ്ങളുടെ സമ്മതമില്ലാതെ ഞങ്ങൾ വർഷങ്ങളുടെ വിയർപ്പുകൊണ്ട് പടുത്തുയർത്തിയ കൊച്ചുവീടുകൾ ഇടിച്ചുനിരത്തി ഞങ്ങളെ കുടിയൊഴിപ്പിച്ചു. ഞങ്ങളുടെ അമ്മപെങ്ങന്മാരുടെ കണ്ണീർ കാണാതിരിക്കാൻവിധം അങ്ങയുടെ ഉദ്യോഗസ്ഥരുടെ മനസ്സക്ഷി മരവിച്ചു പോയിരുന്നു. പക്ഷെ കേരളത്തിലെ പാവപ്പെട്ടവരും പട്ടിണിക്കാരുമായ ഞങ്ങളുടെ സഹോദരർ, മലയാളത്തിന്റെ മനസ്സാക്ഷി-ഞങ്ങളുടെയൊപ്പമായിരുന്നു. എല്ലാ കള്ളപ്രചരണങ്ങളേയും തള്ളിയ കേരളീയ ജനത ഞങ്ങൾക്കു നൽകിയ പിന്തുണ അങ്ങു കണ്ടതാണല്ലോ. ഇതെതുടർന്ന് പുനരധിവാസ പാക്കേജ് എന്ന ഞങ്ങളുടെ ആവശ്യം അംഗീകരിക്കപ്പെട്ടു. ഇതുസംബന്ധിച്ച് ഉത്തരവിറക്കിയ അങ്ങ് മൂലമ്പിള്ളിയിലെ ഉദ്യോഗസ്ഥർ കാണിച്ച അതിക്രമങ്ങളെ അപലപിക്കുകയും ചെയ്തു. അതിൽ ഞങ്ങൾ നന്ദിയുള്ളവരാണ് സാർ. പക്ഷെ ഇതേ ഉദ്യോഗസ്ഥലോബി ഞങ്ങളുടെ പുനരധിവാസ സ്വപ്നങ്ങൾക്ക് ഇന്ന് വിലങ്ങുതടിയായിരിക്കുന്നു. കുടിയൊഴിപ്പിക്കപ്പെട്ട് ഞങ്ങൾ തെരുവിലായിട്ട് ഒരുവർഷമായിട്ടും പുനരധിവാസം ഞങ്ങൾക്ക് ഒരു സ്വപ്നം മാത്രം. പുനരധിവാസത്തിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ചെളിക്കുണ്ടുകൾ നികത്തി വാസയോഗ്യമാക്കാനുള്ള നടപടികൾ ഇഴഞ്ഞു നീങ്ങിക്കൊണ്ടിരിക്കുന്നു. കായൽത്തീരത്തുള്ള ഈ ഭൂമി സംരക്ഷിക്കാനായി നിർമ്മിച്ച ഭിത്തി ഓരോ ദിവസവും തർന്നു വീഴുന്നു. ഞങ്ങൾക്കനുവദിച്ചുതന്ന വാടകയുടെ കാലാവധിയും കഴിഞ്ഞു. (വാടക ഇനി നൽകാൻ അധികൃതർ ഒരുക്കമല്ല) ഭൂമി വാസയോഗ്യമാക്കി ഞങ്ങൾക്കു കൈമാറാതെ എങ്ങനെയാണ് സർ, ഞങ്ങളവിടെ ഒരു കൂരയെങ്കിലും ഉണ്ടാക്കി വയ്ക്കുക. പറക്കമുറ്റാത്ത കുട്ടികളേയും വിവാഹപ്രായമായ സഹോദരിമാരെയും ചേർത്തുപിടിച്ച് ഒരുവർഷം ഞങ്ങൾ തെരുവോരത്തും ഷെഡ്ഡിലുമായി കഴിച്ചുകൂട്ടി. ഇനി മുന്നോട്ടുള്ള ജീവിതത്തെ കുറിച്ചോർക്കുമ്പോൾ ഭയമാണ് സാർ.

ഇതിനിടയിലാണ് ഞ്ങ്ങളുടെ എല്ലാ പ്രശ്നങ്ങളും തീർത്തു എന്ന് വരുത്താനായി ആഘോഷപൂർവ്വം പട്ടയമേള നടത്താൻ ഉദ്യോഗസ്ഥവൃന്ദം തീയതി നിശ്ചയിച്ചിരിക്കുകയാണ്. അതിന്റെ ഉദ്ഘാടകനായി അങ്ങയേയും തീരുമാനിച്ചിരിക്കുകയാണല്ലോ. എന്നാൽ പുനരധിവാസ ഭൂമി വാസയോഗ്യമാക്കി നൽകാതെയും മഞ്ഞുമ്മലും ഏലൂരും വല്ലാർപാടം പദ്ധതിക്കായി കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് ഞങ്ങളുടേതിന് സമാനമായ പകരം ഭൂമി നൽകാതെയും പട്ടയം യ്ക്ക് കൈമാറിക്കൊണ്ട് ഉദ്യോഗസ്ഥർ ആഘോഷപൂർവ്വം മേള നടത്തുമ്പോൾ കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ എത്രകണ്ട് പരിഹരിക്കപ്പെട്ടുവെന്ന് പരിശോധിക്കുമെന്നും ഞങ്ങൾക്ക് അവകാശമുള്ള വാസയോഗ്യമായ ഭൂമി ഉടനടി നൽകാനുള്ള ആർജ്ജവും അങ്ങ് കാണിക്കുമെന്നും പ്രതീക്ഷിച്ചുകൊണ്ട്....

*-മൂലമ്പിള്ളിയിലെ തെരുവാധാരമാക്കപ്പെട്ട നിരാലംബർ.*

# മൂലമ്പിള്ളി സമരം ഒരു വർഷം പിന്നിടുന്നു

കേരളത്തിന്റെ ജനകീയ സമരചരിത്രത്തിലെ മറക്കാനാവാത്ത അദ്ധ്യായമായ മൂലമ്പിള്ളി സമരം ഒരു വർഷം പിന്നിടുന്നു. വികസന പദ്ധതിയുടെ പേരിൽ ബലപ്രയോഗത്താൽ കുടിയിറക്കിയവരെ ഒരു വർഷം കഴിഞ്ഞിട്ടും മാന്യമായ രീതിയിൽ പുനരധിവസിപ്പിക്കാൻ കഴിയാതെ മുഖ്യമന്ത്രിയെ പങ്കെടുപ്പിച്ചുകൊണ്ട് പട്ടയമേള എന്ന പേരിൽ പ്രഹസനപ്രിപാടികൾ നടത്തി ശക്തമായ ജനകീയചെറുത്തുനിൽപ്പിന്റെ ഫലമായി രൂപപ്പെട്ട മൂലമ്പിള്ളി പാക്കേജിനെ അട്ടിമറിക്കാനുള്ള ശ്രമം നടത്തുകയാണ് സർക്കാർ. കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് അടിസ്ഥാനസൗകര്യങ്ങളുള്ള ഭൂമി നൽകുന്നതിനുപകരം ചതുപ്പു പ്രദേശങ്ങൾ പുനരധിവാസഭൂമിയായി നൽകാനുള്ള നീക്കങ്ങളാണ് പ്രാദേശിക ഭരണസംവിധാനങ്ങൾ നടത്തുന്നത്. മൂലമ്പിള്ളി പാക്കേജ് മൂലമ്പിള്ളിക്കാർക്കുമാത്രമുള്ള ഒരു പുനരധിവാസപാക്കേജല്ലെന്നും വരാനിരിക്കുന്ന മുഴുവൻ കുടിയൊഴിപ്പിക്കൽ പാക്കേജുകൾക്കും മാതൃകയാകേണ്ടതാണെന്നും അതുകൊണ്ടുതന്നെ അത് നേടിയെടുക്കാൻ കേരളത്തിന്റെ മനഃസാക്ഷി ഇതുവരെ നൽകിയ നിർലോഭമായ പിൻതുണ തുടർന്നും ഉണ്ടാകണമെന്നും സമരപ്രവർത്തകർ ആവശ്യപ്പെടുന്നു.

ബന്ധങ്ങൾക്ക് : ഫ്രാൻസിസ് കളത്തുങ്കൽ 94954 30861 .